**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5285** **21-03-2025 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ സർവകലാശാലകളിലെ ന്യൂ ജനറേഷൻ കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വൻതോതിലുള്ള മൂലധന നിക്ഷേപം നടത്തി ആരംഭിക്കുന്ന സ്വകാര്യ സർവകലാശാലകളിൽ പഠിപ്പിക്കുന്ന വിഷയങ്ങൾ ന്യൂ ജനറേഷൻ കോഴ്സുകളായിരിക്കുമോ എന്ന് വ്യക്തമാക്കാമോ; | (എ) | സ്വകാര്യ സർവകലാശാലാ ബില്ലിലെ 11 (എ) വകുപ്പിലെ വ്യവസ്ഥ പ്രകാരം ' സർവകലാശാലയ്ക്ക് അത് കാലാകാലങ്ങളിൽ നിശ്ചയിച്ചേക്കാവുന്ന ഏതൊരു പഠന ശാഖകളിലും ബോധനം നല്കുന്നതിനായുള്ള അവകാശമുണ്ട്. അതിൽ ന്യൂ ജനറേഷൻ കോഴ്സുകളും പരമ്പരാഗത കോഴ്സുകളും ഉൾപ്പെടുന്നതാണ്. ഇത് തീരുമാനിക്കാനുള്ള വിവേചനാധികാരം സർവകലാശാലയ്ക്കാണ്. മൾട്ടിഡിസി പ്ലിനറി സർവകലാശാലകളായി സ്വകാര്യ സർവ്വകലാശാലകൾ ആരംഭിക്കണമെന്നാണ് ബില്ലിൽ നിർദേശിച്ചിരിക്കുന്നത്. |
| (ബി) | സോഷ്യൽ സയൻസ്, ഫണ്ടമെന്റൽ സയൻസ്, ഹ്യുമാനിറ്റീസ് എന്നീ വിഷയങ്ങളെ കയ്യൊഴിയുന്നതു മൂലം ഉണ്ടാകുന്ന പ്രായോഗികമായ പ്രയാസങ്ങളെ കുറിച്ച് ആലോചിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ന്യൂ ജനറേഷൻ കോഴ്സുകളും പരമ്പരാഗത കോഴ്സുകളും ആരംഭിക്കുന്നതിനും സ്വകാര്യ സർവകലാശാലയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. |
| (സി) | അധ്യാപക നിയമനങ്ങളിൽ കേരള സർക്കാരിന് ഏതു തരത്തിലുള്ള നിയന്ത്രണങ്ങളാണ് ഈ സർവകലാശാലകളിൽ ഏർപ്പെടുത്താൻ കഴിയുക എന്ന് വ്യക്തമാക്കാമോ; | (സി) | അധ്യാപക നിയമനങ്ങളെ സംബന്ധിച്ചും മറ്റു നിയമനങ്ങളെ സംബന്ധിച്ചും യു.ജി.സി അടക്കമുള്ള റെഗുലേറ്ററി ഏജൻസികളുടെ നിബന്ധനകൾക്ക് വിധേയമായി പ്രവർത്തിക്കുന്നതിനാണ് നിർദിഷ്ട ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. |
| (ഡി) | സ്വകാര്യ സർവ്വകലാശാലകളിലെ വിദ്യാർത്ഥി പ്രവേശനവും അവരുടെ ഫീസ് ഘടനയും നിലവിൽ സംവരണ സമുദായങ്ങളുടെ പ്രവേശനത്തിനുള്ള മാനദണ്ഡങ്ങളും സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ; | (ഡി) | സംവരണ തത്വങ്ങൾ പാലിക്കുന്നതിനു വേണ്ട പ്രധാനപ്പെട്ട വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് സംസ്ഥാനത്തു സ്വകാര്യ സർവകലാശാലാ ബിൽ തയാറാക്കിയിട്ടുള്ളത്. ഓരോ കോഴ്സിലും നാൽപത് ശതമാനം സീറ്റുകൾ സംസ്ഥാനത്തെ സ്ഥിരം നിവാസികളായ വിദ്യാർത്ഥികൾക്കായി സംവരണം ചെയ്യുന്നതിനും ഇതിൽ സംസ്ഥാനത്ത് നിലവിലുള്ള സംവരണം ബാധകമാക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് |

| | | | |
|---|---|---|---|
| | | | സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസിളവ് നൽകുന്നതിനും സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുന്നതിനും വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | സ്വകാര്യ സർവകലാശാലകളിലെ ചാൻസലർമാരുടെ നിയമനത്തിൽ സർക്കാരിന് എന്തെങ്കിലും നിയന്ത്രണമുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ചാൻസലർ പദവി വഹിക്കുന്ന ആൾക്ക് വിദ്യാഭ്യാസം പ്രഥമമായി ലക്ഷ്യം വയ്ക്കുന്ന സാമൂഹിക മുന്നേറ്റത്തെ സാക്ഷാത്ക്കരിക്കാൻ സാധിക്കാതെ വരികയാണെങ്കിൽ സർക്കാരിന് എന്തു നടപടികളാണ് സ്വീകരിക്കാൻ കഴിയുക എന്ന് വ്യക്തമാക്കാമോ? | (ഇ) | സ്വകാര്യ സർവകലാശാല ബില്ലിലെ 14-ാം വകുപ്പ് പ്രകാരം ചാൻസലറുടെ യോഗ്യതകൾ വളരെ കൃത്യവും സ്പഷ്ടവുമായിത്തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്പോൺസറിങ് ബോഡി, വളരെ പ്രശസ്തനായ ഒരു വിദ്യാഭ്യാസ വിചക്ഷണനെ അല്ലെങ്കിൽ കാർഷികവും വെറ്ററിനറിശാസ്ത്രവും, സാങ്കേതിക ശാസ്ത്രം, വൈദ്യശാസ്ത്രം, സാമൂഹ്യശാസ്ത്രം, മാനവികം, സാഹിത്യം, കല, സാംസ്കാരികം, നിയമം, വ്യവസായം, വാണിജ്യം അല്ലെങ്കിൽ പൊതുഭരണം എന്നിവ ഉൾപ്പെടെയുള്ള ഏതെങ്കിലും മേഖലയിൽ പ്രാഗൽഭ്യമുള്ള ഒരാളെ, നിർണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വ്യവസ്ഥകളിന്മേലും നിബന്ധനകളിന്മേലും അങ്ങനെയുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടും സർവകലാശാലയുടെ ചാൻസലറായി നിയമിക്കേണ്ടതാണ് എന്ന് ബില്ലിലെ 14(1) -ൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ